## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 363 — 28-06-2011 ന് മറുപടിക്ക്

### ശബരിമല-കണമലക്കടവ് പാലം നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം: | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) ശബരിമല പാതയിലെ കണമല കടവിൽ പാലം നിർമ്മിക്കുന്നതിനായി എത്ര സെന്റ് വനഭൂമി വിട്ടു കിട്ടണമെന്നാണ് പി.ഡബ്ല്യൂ.ഡി. ആവശ്യപ്പെട്ടിരിക്കുന്നത്; | (എ) കണമല എന്ന സ്ഥലത്ത് നിർമ്മിക്കുന്ന പാലത്തിനും അപ്രോച്ച് റോഡിനുമായി 0.542 ഹെക്ടർ വനഭൂമിയാണ് പി.ഡബ്ല്യൂ.ഡി ആവശ്യപ്പെട്ടിരിക്കുന്നത്. |
| (ബി) ഇതിനായി പി.ഡബ്ല്യൂ.ഡി. നൽകിയ അപേക്ഷയിന്മേൽ വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) യൂസർ ഏജൻസി നൽകിയ അപേക്ഷ വ്യക്തമായ ശുപാർശയോടു കൂടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. അതനുസരിച്ച് സ്റ്റേജ് 1 അനുമതി 9-2-2011- ന് കേന്ദ്ര സർക്കാർ നൽകി. ടി അനുമതിയിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ നടപ്പിലാക്കുന്നതിനുവേണ്ടി യൂസർ ഏജൻസിയായ PWD യെ അറിയിച്ചിട്ടുണ്ട്. ഇവ പൂർണ്ണമായും നടപ്പിലാക്കിയാൽ മാത്രമേ സ്റ്റേജ് 2 അനുമതി ലഭിക്കുന്നതിനായി Compliance Report (ആജ്ഞാപാലന റിപ്പോർട്ട്) കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. |

-----------2

| | | | |
|---|---|---|---|
| (സി) | ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; | (സി) | ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ സർക്കാരിലുണ്ട്. |
| (ഡി) | വനംവകുപ്പ് ആവശ്യപ്പെട്ട പ്രകാരം വനവൽക്കരണത്തിനായി എത്ര രൂപയാണ് പി.ഡബ്ല്യു.ഡി. അടയ്ക്കേണ്ടത്; | (ഡി) | വനവൽക്കരണത്തിന് മാത്രമായി 6,500 രൂപയും നെറ്റ് പ്രസന്റ് വാല്യൂ ഇനത്തിൽ 5,65,306 രൂപയുമാണ് അടയ്ക്കേണ്ടത്. |
| (ഇ) | പ്രസ്തുത തുക അടച്ചിരുന്നോ; എന്നാണ് അടച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഇ) | തുക അഡ്ഹോക്ക് കാമ്പാ അക്കൗണ്ടിൽ അടച്ച വിവരം യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടില്ല. |
| (എഫ്) | വനംവകുപ്പിൽ അടയ്ക്കാനുള്ള പണമടച്ചിട്ടും അനുമതി ലഭ്യമാക്കാൻ വൈകുന്നതിൻെറ കാരണം വ്യക്തമാക്കാമോ; | (എഫ്) | കേന്ദ്ര സർക്കാരിന്റെ അഡ്ഹോക്ക് കാമ്പാ അക്കൗണ്ടിലാണ് പണം അടയ്ക്കേണ്ടത്. പണം അടച്ച വിവരം യൂസർ ഏജൻസിയായ PWD ഇതുവരെ അറിയിപ്പ് നൽകാത്തതിനാലും കേന്ദ്ര സർക്കാർ സ്റ്റേജ് - 1 അനുമതിയിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായും നടപ്പാക്കി അറിയിക്കാത്തതിനാലുമാണ് സ്റ്റേജ് 2 അനുമതിയ്ക്കായുള്ള അജ്ഞാപാലന റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാധിക്കാതെ വന്നിട്ടുള്ളത്. |
| (ജി) | ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; നടപടി ക്രമങ്ങൾ പൂർത്തിയാക്കി, പാലം നിർമ്മാണത്തിനുള്ള അന്തിമാനുമതി എന്ന് ലഭ്യമാക്കാൻ കഴിയും. | (ജി) | ഡെൽഹിയിലെ കോർപ്പറേഷൻ ബാങ്കിലോ സെൻട്രൽ ബാങ്കിലോ ഉള്ള അഡ്ഹോക്ക് കാമ്പാ അക്കൗണ്ടിൽ യൂസർ ഏജൻസിയായ പി.ഡബ്ല്യു.ഡി പണം അടയ്ക്കുകയും കേന്ദ്ര സർക്കാർ നിഷ്കർഷിച്ച നിബന്ധനകൾ പൂർണ്ണമായും പാലിക്കുകയും ചെയ്യുന്നതനുസരിച്ച് Compliance Report (അജ്ഞാപാലന റിപ്പോർട്ട്) സ്റ്റേജ് 2 അനുമതിക്കായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. ടി റിപ്പോർട്ട് ലഭിക്കുന്ന |

---------3

മുറയ്ക്ക് കേന്ദ്ര സർക്കാർ സ്റ്റേജ് 2 അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(എച്ച്) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(എച്ച്) യൂസർ ഏജൻസിയായ PWD യോട് സ്റ്റേജ് 1 അംഗീകാരത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായും പാലിച്ച് വിവരം അറിയിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. യൂസർ ഏജൻസിയിൽ നിന്നും ഇതു സംബന്ധിച്ച അറിയിപ്പ് ലഭിച്ചാൽ സ്റ്റേജ് 2 അംഗീകാരം ലഭ്യമാക്കുന്നതിനുള്ള Compliance Report (ആജ്ഞാപാലന റിപ്പോർട്ട്) കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ